# കേരള സംസ്ഥാന ടെലിവിഷൻ അവാർഡ്

# Kerala State Television Awards 2024

## നിബന്ധനകൾ
## Regulations



# 2024

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി**

**2025 ജൂൺ 30 വൈകുന്നേരം 5 മണി**

Last Date For Submission

30th June 2025, 5 PM


കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

സാംസ്കാരിക കാര്യ വകുപ്പ്, കേരള സർക്കാർ

KERALA STATE CHALACHITRA ACADEMY
**Department of Cultural Affairs, Government of Kerala**

# Kerala State Television Awards - 2024

## NOTIFICATION

No: KSCA/G/99/2025 02.06.2025

Entries for Kerala State Television Awards – 2024 are invited from television channels/ producers/directors/individuals performers, in the prescribed form in original format with the telecast certificate issued by the television channel and other relevant materials and books, columns/serial/writing on TV programme. Only those programmes telecasted between 1st January 2024 & 31st December 2024 except Tele Serial and TV Shows, which should have completed the telecast on or before 31st December 2024 shall be considered for the Television Award 2024. Entries are also invited from producers registered at the Central Board of Film Certification between 1st January 2024 & 31st December 2024. Entries for Best Book/Article on Malayalam television should have been published in periodicals between 1st January 2024 & 31st December 2024. The entry forms can be downloaded from Academy's website www.keralafilm.com. Application in the prescribed form along with hard disk/ pendrive/Article/Book and other relevant materials should reach The Secretary, Kerala State Chalachitra Academy, Sathyan Memorial Building, Kinfra Film & Video Park, Chanthavila, Sainik School.P.O., Kazhakuttom, Thiruvananthapuram - 695 585 or can be obtained directly from the City Office, Ground Floor, Archana Building, Near St.Joseph's School, Statue-General Hospital Road, Thiruvananthapuram - 695 001. on or before **30th June 2025, 5 PM.**

**Along with the application, an entry fee of Rs.2000/- for teleserials and Rs.1000/- for other categories (except the Writing category) must be transferred to the UPI account of the Kerala State Chalachitra Academy. The transfer receipt including the UTR number should be submitted along with the application. For all programmes other than teleserials, an additional fee of Rs.1000/- must be paid for each extra episode submitted.**

**Secretary**

KERALA STATE CHALACHITRA ACADEMY
**Department of Cultural Affairs, Government of Kerala**

# Kerala State Television Awards - 2024

## വിജ്ഞാപനം

No: KSCA/G/99/2025 02.06.2025

2024-ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡുകൾക്ക് ചാനലുകളിൽ നിന്നും വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംപ്രേഷണം ചെയ്ത പരിപാടികളാണ് പരിഗണിക്കുക. പരമ്പരകളോ തുടർപരിപാടികളോ ആണെങ്കിൽ അവ 2024 ഡിസംബർ 31 ന് മുമ്പ് സംപ്രേഷണം പൂർത്തിയാക്കിയവ ആയിരിക്കണം. ഇതേ കാലയളവിൽ സെൻസർ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള സ്വതന്ത്ര പരിപാടികളും അവാർഡിനായി അയക്കാം. ആനുകാലികങ്ങളിൽ വന്ന ടെലിവിഷൻ വിഷയമാക്കിയുള്ള ലേഖനം, പുസ്തകം തുടങ്ങിയവയും ഇതേ കാലയളവിൽ പ്രസിദ്ധീകരിച്ചവയായിരിക്കണം. അതത് ചാനലുകളിൽ നിന്നുള്ള ടെലികാസ്റ്റ് സർട്ടിഫിക്കറ്റോ സെൻസർ സർട്ടിഫിക്കറ്റോ സഹിതം നിശ്ചിതമാതൃകയിലുള്ള ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഫോറം അക്കാദമി വെബ്സൈറ്റായ www.keralafilm.com ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പെൻഡ്രൈവ്, ഹാർഡ് ഡിസ്ക്, എന്നിവയിൽ ഏതിലെങ്കിലും പകർത്തിയ പരിപാടി നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം **2025 ജൂൺ 30 വൈകുന്നേരം 5 മണിക്ക്** മുമ്പ് സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സത്യൻ സ്മാരകം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, സൈനിക് സ്കൂൾ പി.ഒ., കഴക്കൂട്ടം, തിരുവനന്തപുരം - 695 585 എന്ന വിലാസത്തിലോ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സിറ്റി ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, അർച്ചന ബിൽഡിംഗ്, നിയർ സെന്റ് ജോസഫ്സ് സ്കൂൾ, സ്റ്റാച്ച്യു-ജനറൽ ഹോസ്പിറ്റൽ റോഡ്, തിരുവനന്തപുരം -01 എന്ന വിലാസത്തിലോ ലഭിച്ചിരിക്കണം. ലേഖനങ്ങളും പുസ്തകങ്ങളും സമർപ്പിക്കാനുള്ള അവസാന തീയതിയും അന്നു തന്നെയാണ്.

**അപേക്ഷയോടൊപ്പം എൻട്രി ഫീ ടെലിസീരിയലുകൾക്ക് 2000/- രൂപയും രചനാവിഭാഗം ഒഴികെ മറ്റ് വിഭാഗങ്ങൾക്ക് 1000/- രൂപയും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ UPI ലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിനുശേഷം UTR നമ്പർ ഉൾപ്പെടുന്ന ട്രാൻസ്ഫർ റെസിപ്റ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം. അധികമായി സമർപ്പിക്കുന്ന ടെലിസീരിയലുകൾ ഒഴികെയുള്ള മറ്റ് പരിപാടികളുടെ ഓരോ എപ്പിസോഡിനും 1000/- രൂപ അധികമായി നൽകേണ്ടതാണ്.**

സെക്രട്ടറി

# KERALA STATE CHALACHITRA ACADEMY

Department of Cultural Affairs, Government of Kerala

# Kerala State Television Awards - 2024

## Regulations

### I. AIM

1. The objective of these awards is to encourage the production of television programmes of high aesthetic and technical standards and social, educational and cultural values.
2. The following categories of awards shall be given under these rules.

- **Tele Serial**

  Serials, which have more than 6 episodes and not exceeding 52 episodes, may be considered under this category. The telecast of it should have been completed on or before 31st December 2024.

- **Tele Film (Long)**

  Tele Film with duration of 20 minutes, but not exceeding 120 minutes shall be considered under this category. (Telecast/Censored between 1st January 2024 & 31st December 2024)

- **Tele Film (Short)**

  Tele Films with duration up to 20 minutes comes under this category. (Telecast/Censored between 1st January 2024 & 31st December 2024.

- **Children's Tele Film**

  Tele Film for Children with duration of 20 minutes, but not exceeding 120 minutes shall be considered under this category. (Telecast/ Censored between 1st January 2024 & 31st December 2024)

- **Best TV Show (Entertainment)**

  TV Shows telecasted for entertainment under the designed set, which have more than 6 episodes. The telecast of it should have been completed on or before 31st December 2024.

- **Best TV Show (Current Affairs)**

  TV Shows telecasted on serious topics under the designed set, which have more than 6 episodes. The telecast of it should have completed on or before 31st December 2024.

- **Documentary (General)**

  Documentaries either in Malayalam on all general subjects or in English on subjects relating to Kerala come under this category. (Telecast/ Censored between 1st January 2024 & 31st December 2024)

### I. ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. ഉയർന്ന കലാമൂല്യവും സാങ്കേതികത്തികവുള്ളതും സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മൂല്യങ്ങളെ ഉയർത്തിക്കാട്ടുന്നതുമായ ടെലിവിഷൻ പരിപാടികളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകലാണ് അവാർഡിന്റെ ഉദ്ദേശ്യം.
2. താഴെ പറയുന്ന വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത്.

- **ടെലി പരമ്പരകൾ**

  ആറ് എപ്പിസോഡിനും അമ്പത്തിരണ്ട് എപ്പിസോഡിനുമിടയിൽ ദൈർഘ്യമുള്ള പരമ്പരകളാണ് പരിഗണിക്കുക. 2024 ഡിസംബർ 31 നു മുമ്പ് സംപ്രേഷണം പൂർത്തിയാക്കിയവയായിരിക്കണം.

- **ടെലിഫിലിം (ദീർഘം)**

  ഇരുപതു മിനിറ്റിനും രണ്ടു മണിക്കൂറിനുമിടയിൽ ദൈർഘ്യമുള്ള ടെലിഫിലിമുകളാണ് ഈ വിഭാഗത്തിൽ പരിഗണിക്കുക. 2024 ജനുവരി ഒന്നിനും ഡിസംബർ 31 നുമിടയിൽ സംപ്രേഷണം ചെയ്യുകയോ, സെൻസർ സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തവയായിരിക്കണം.

- **ടെലിഫിലിം (ഹ്രസ്വം)**

  ഇരുപത് മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ടെലിഫിലിമുകളാണ് ഈ വിഭാഗത്തിൽ പരിഗണിക്കുക. 2024 ജനുവരി ഒന്നിനും ഡിസംബർ 31 നുമിടയിൽ സംപ്രേഷണം ചെയ്യുകയോ, സെൻസർ സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തവയായിരിക്കണം.

- **കുട്ടികൾക്കുള്ള ടെലിഫിലിം**

  ഇരുപത് മിനിറ്റിനും രണ്ടു മണിക്കൂറിനുമിടയിൽ ദൈർഘ്യമുള്ള കുട്ടികൾക്കായുള്ള ടെലിഫിലിമുകളാണ് ഈ വിഭാഗത്തിൽ പരിഗണിക്കുക. 2024 ജനുവരി ഒന്നിനും ഡിസംബർ 31 നുമിടയിൽ സംപ്രേഷണം ചെയ്യുകയോ. സെൻസർ സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തവയായിരിക്കണം.

- **മികച്ച വിനോദ പരിപാടി**

  ആറ് എപ്പിസോഡിൽ കൂടുതലുള്ളതും രൂപകൽപ്പന ചെയ്ത രംഗസജ്ജീകരണത്തിൽ അവതരിപ്പിക്കുന്നതുമായ വിനോദ പരിപാടികളാണ് ഈ വിഭാഗത്തിൽ പരിഗണിക്കുന്നത്. 2024 ഡിസംബർ 31-നു മുമ്പ് സംപ്രേഷണം പൂർത്തിയാക്കിയിരിക്കണം.

- **മികച്ച സമകാലിക പരിപാടി**

  ആറ് എപ്പിസോഡിൽ കൂടുതലുള്ളതും രൂപകൽപ്പന ചെയ്ത രംഗസജ്ജീകരണത്തിൽ അവതരിപ്പിക്കുന്നതും ഗൗരവമുള്ള സമകാലിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതുമായ പരിപാടികളാണ് ഈ വിഭാഗത്തിൽ പരിഗണിക്കുന്നത്. 2024 ഡിസംബർ 31 നു മുമ്പ് സംപ്രേഷണം പൂർത്തിയാക്കിയിരിക്കണം.

- **കഥേതര ചിത്രം (പൊതുവിഭാഗം)**

  ഏതു വിഷയത്തിലുമുള്ള മലയാള കഥേതര ചിത്രങ്ങളും കേരളവുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള ഇംഗ്ലീഷ് ചിത്രങ്ങളും ഈ വിഭാഗത്തിൽ വരും. 2024 ജനുവരി ഒന്നിനും ഡിസംബർ 31 നു മിടയിൽ സംപ്രേഷണം ചെയ്യുകയോ, സെൻസർ സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തവയായിരിക്കണം.

- **Documentary on Science/Environment**
  Documentaries either in Malayalam or in English on Science & Environment relating to Kerala come under this category. (Telecast/ Censored between 1st January 2024 & 31st December 2024)
- **Documentary on Biography**
  Documentaries either in Malayalam or in English on biographical sketches of personalities relating to Kerala come under this category. (Telecast/Censored between 1st January 2024 & 31st December 2024)
- **Documentary on Women/ Children**
  Documentaries either in Malayalam or in English on Women /Children, relating to Kerala come under this category. (Telecast/Censored between 1st January 2024 & 31st December 2024)
- **Book in Malayalam on Television**
  Books on any aspect of Malayalam television programmes come under this category, printed matter is to be submitted for consideration. (Published between 1st January 2024 & 31st December 2024)
- **Article in Malayalam on Television**
  Articles on any aspect on Malayalam television programmes come under this category. Printed matter is to be submitted for consideration. (published between 1st January 2024 & 31st December 2024)

## II. SELECTION

1. There will be a SIX member Jury which will view the original format of programmes and select the Best Tele Series, Best Tele Serial, Tele Film, artistes and technicians for the awards. The Second Jury consisting of SIX members for documentaries and other non-fiction programmes. One member of each Committee will be an official of the Kerala State Chalachitra Academy as Member Secretary and other non-official members including the Chairman will be nominated by the Government. All members shall be persons who are distinguished in the filed of visual arts.
2. A separate committee will also be constituted to examine and select the best writing on Malayalam television programmes. The committee will consist of FOUR members. An official of Kerala State Chalachitra Academy will be Member Secretary of this Committee. The other three among Malayalam/English writers with sufficient background in visual arts.
3. The term of the non- official members of the committee will be from the date of constitution of the committee till the Committee submits its recommendations to the Academy.
4. The quorum of the committee shall be not less than one half the number of members.
5. No person who has a share in the production or distribution of any Series, Serial, Tele Film or Documentary entered for the competition shall be a member of the committee. No person from a television channel shall be a member of the committee.

- **ശാസ്ത്ര-പരിസ്ഥിതി വിഷയങ്ങളിലുള്ള കഥേതര ചിത്രം**
  കേരളവുമായി ബന്ധപ്പെട്ട ശാസ്ത്ര-പരിസ്ഥിതി വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കഥേതര ചിത്രങ്ങളാണ് ഈ വിഭാഗത്തിൽ പെടുന്നത്.
- **ജീവ ചരിത്ര ചിത്രം**
  കേരളവുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യക്തിയുടെ ജീവിതത്തെ അധികരിച്ച് മലയാളത്തിലോ ഇംഗ്ലീഷിലോ ഉള്ള കഥേതര ചിത്രങ്ങളാണ് പരിഗണിക്കുക. 2024 ജനുവരി ഒന്നിനും ഡിസംബർ 31 നുമിടയിൽ സംപ്രേഷണം ചെയ്യുകയോ, സെൻസർ സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തവയായിരിക്കണം.
- **സ്ത്രീകളെയും കുട്ടികളെയും കുറിച്ചുള്ള കഥേതര ചിത്രം**
  കേരളവുമായി ബന്ധപ്പെട്ട സ്ത്രീകളെയും കുട്ടികളെയും കുറിച്ച് ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള കഥേതര ചിത്രങ്ങളാണ് പരിഗണിക്കുക. 2024 ജനുവരി ഒന്നിനും ഡിസംബർ 31 നുമിടയിൽ സംപ്രേഷണം ചെയ്യുകയോ, സെൻസർ സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തവയായിരിക്കണം.
- **ടെലിവിഷനെ കുറിച്ചുള്ള മലയാള പുസ്തകം**
  മലയാളം ടെലിവിഷൻ പരിപാടികളെ കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പുസ്തകമാണ് ഈ അവാർഡിന് പരിഗണിക്കുക. 2024 ജനുവരി 1 നും ഡിസംബർ 31 നും ഇടയിൽ പ്രസിദ്ധീകരിച്ചതായിരിക്കണം. മുഴുവനായോ ഭാഗികമായോ മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളോ ലേഖന സമാഹാരമോ അവാർഡിന് പരിഗണിക്കുന്നതല്ല.
- **ടെലിവിഷനെക്കുറിച്ചുള്ള മലയാള ലേഖനം**
  മലയാളം ടെലിവിഷൻ പരിപാടികളെ കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ലേഖനമാണ് ഈ അവാർഡിന് പരിഗണിക്കപ്പെടുക. 2024 ജനുവരി 1 നും ഡിസംബർ 31 നും ഇടയിൽ പ്രസിദ്ധീകരിച്ചതായിരിക്കണം.

## II. തെരഞ്ഞെടുപ്പ്

1. ആറംഗ ജൂറി പരിപാടികൾ, കണ്ട് വിലയിരുത്തിയാകും മികച്ച പരമ്പര, ടെലിഫിലിം, കലാകാരന്മാർ, സാങ്കേതിക പ്രവർത്തകർ എന്നീ വിഭാഗങ്ങളിൽ അവാർഡ് നിർണ്ണയിക്കുക. കഥേതര പരിപാടികൾക്കും ഡോക്യുമെന്ററികൾക്കുമായി മറ്റൊരു ജൂറി ഉണ്ടായിരിക്കും. ഇതിലും ആറംഗങ്ങൾ തന്നെയാണ് ഉണ്ടാവുക. ജൂറിയിൽ ചലച്ചിത്ര അക്കാദമി സെക്രട്ടറി മെമ്പർ സെക്രട്ടറിയായി ഉണ്ടായിരിക്കും. ചെയർമാനടക്കമുള്ള ജൂറി അംഗങ്ങളെ സർക്കാരാണ് നിശ്ചയിക്കുക. ദൃശ്യകലാ മേഖലയിൽ നിന്നുള്ള പ്രഗത്ഭരെയായിരിക്കുംജൂറിയിലേക്ക് തെരഞ്ഞെടുക്കുക.
2. ടെലിവിഷനെ കുറിച്ചുള്ള മികച്ച രചനകൾ തെരഞ്ഞെടുക്കാൻ നാലംഗങ്ങളുള്ള പ്രത്യേക സമിതിയുണ്ടാവും. അക്കാദമി സെക്രട്ടറി മെമ്പർ സെക്രട്ടറിയായി ഉണ്ടാവും. മറ്റു മൂന്നു പേർ ദൃശ്യകലാ പശ്ചാത്തലമുള്ള മലയാളം അല്ലെങ്കിൽ ഇംഗ്ലീഷ് എഴുത്തുകാരാവും.
3. അവാർഡ് നിർണ്ണയ സമിതിയിലെ മെമ്പർ സെക്രട്ടറി ഒഴികെയുള്ള അംഗങ്ങളുടെ പ്രവർത്തന കാലാവധി, കമ്മിറ്റി രൂപികരിക്കുന്ന തീയതി മുതൽ ശുപാർശകൾ അക്കാദമിക്ക് സമർപ്പിക്കുന്ന ദിവസം വരെ ആയിരിക്കും.
4. പകുതിയോ അതിൽ കൂടുതലോ അംഗങ്ങൾ പങ്കെടുക്കുന്നുവെങ്കിലേ സമിതിയുടെ ക്വാറം തികഞ്ഞതായി കണക്കാക്കു.
5. അവാർഡിനായി സമർപ്പിക്കുന്ന പരിപാടികളുടെ നിർമ്മാണത്തിലോ വിതരണത്തിലോ ഏതെങ്കിലും തരത്തിൽ പങ്കാളിയായ ആരും സമിതിയിൽ ഉണ്ടായിരിക്കാൻ പാടില്ല. അതു പോലെത്തന്നെ ടെലിവിഷൻ ചാനലുകളിൽ നിന്നുള്ള ആരെയും സമിതിയിൽ ഉൾപ്പെടുത്താൻ പാടില്ല.

6. The awards shall be decided by the Govt. of Kerala on the recommendations of the committee.
7. The Secretary, Kerala State Chalachitra Academy will arrange the screening of the Serials, Tele Films, and documentaries etc. for the jury.

## RULES

I. These rules shall be called the Rules for the Kerala State Television Awards – 2024.

II. A person who participate in the Kerala State Television Awards under these rules shall be deemed to have accepted these rules.

III. The decision of the Government of Kerala shall be final in respect of the Awards and interpretations of these Rules. No appeal shall be allowed against them.

IV. 1. All entries shall be attached with a telecast certificate issued from any television channel indicating the time and date of telecast. The entries without telecast certificate or the certificate of registration from the Central Board of Film Certification shall not be considered for awards.

2. The application for entry shall be in the prescribed form, which will be issued by the Kerala State Chalachitra Academy on request in writing.

3. Entries addressed to The Secretary, Kerala State Chalachitra Academy, Sathyan Memorial Building, Kinfra Film & Video Park, Chanthavila, Sainik School.P.O., Kazhakuttom, Thiruvananthapuram - 695 585 or City Office, Ground Floor, Archana Building, Near St.Josephs's School, Statue-Generla Hospital Road, Thiruvananthapuram -01 should reach on or before **30th June 2025, 5 PM** along with the following items.

a. Files of the programme entered for the award [mov/ mp4 – H264 codec (In a pendrive/hard disk)

b. Seven copies of the synopsis, which shall not exceed in 1 line.
For Tele Film and Tele Serial, seven copies of the cast mentioning the respective role against each Name and the residential address of each artiste along with their phone numbers-7 copies.

c. Original Telecast certificate from the television channel, indicating the time and date of telecast with viewership rating if any along with the details of the producer, director, actors and technicians of the programmes submitted - 7 copies.

4. Those who are entering a programme for more than one category shall be mentioned in the prescribed columns. Separate entries for each category are not required for the same actions such as Fiction/ Non–Fiction.

5. Entries for the award for best writing on Television Programmes shall be entered by the author or publisher. But the award shall be given to the author.

6. Entries for the award for the Best Writing on Malayalam Television shall be submitted by the author or Publisher along with
(a) Five copies of the book or article
(b) Short biographical sketch of the author along with two photographs

7. Kerala State Chalachitra Academy shall take all reasonable care of the materials submitted, but it shall not be responsible for any loss or damage while in its custody.

8. No award shall be given in a category for which the number of entries received is less than two except in children's programmes where even if there is only one entry, it will be considered, and given an award if it is found excellent.

6. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരായിരിക്കും അവാർഡുകൾ പ്രഖ്യാപിക്കുക.
7. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സെക്രട്ടറിയായിരിക്കും ജൂറിക്കുവേണ്ടി പരിപാടികളുടെ പ്രദർശനം സംഘടിപ്പിക്കുന്നത്.

## ചട്ടങ്ങൾ

I. ഈ ചട്ടങ്ങൾ 2024 ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡിനുള്ള ചട്ടങ്ങൾ എന്നായിരിക്കും അറിയപ്പെടുക.

II. അവാർഡിനായി പരിപാടികൾ സമർപ്പിക്കുന്നവർ ഈ ചട്ടങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണ്.

III. ചട്ടങ്ങളുടെ വ്യാഖ്യാനത്തിലും അവാർഡ് നിർണയത്തിലും സംസ്ഥാന സർക്കാരിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും. അതിനെതിരെ അപ്പീലുകൾ അനുവദിക്കുന്നതല്ല.

IV. 1. ടെലിവിഷനിൽ സംപ്രേഷണം ചെയ്ത പരിപാടികൾ ടെലികാസ്റ്റ് സർട്ടിഫിക്കറ്റും അല്ലാത്തവ സെൻസർ സർട്ടിഫിക്കറ്റും അപേക്ഷിക്കുമ്പോൾ ഹാജരാക്കേണ്ടതാണ്. ഇവ ഇല്ലാത്ത പരിപാടികൾ അവാർഡിനായി പരിഗണിക്കുന്നതല്ല.

2. ചലച്ചിത്ര അക്കാദമിയിൽ നിന്നും അഭ്യർത്ഥനാനുസരണം ലഭിക്കുന്ന നിശ്ചിത ഫോറത്തിലായിരിക്കണം അപേക്ഷ നൽകേണ്ടത്.

3. അവാർഡിനുള്ള അപേക്ഷ താഴെ പറയുന്നവ സഹിതം **2025 ജൂൺ 30, വൈകുന്നേരം 5 മണിക്കു** മുമ്പ് സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സത്യൻ സ്മാരകം, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, ചന്തവിള, സൈനിക സ്കൂൾ.പി.ഒ. തിരുവനന്തപുരം-695 585 അല്ലെങ്കിൽ സിറ്റി ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, അർച്ചന ബിൽഡിംഗ്, നിയർ സെന്റ് ജോസഫ് സ്കൂൾ, സ്റ്റാച്ര്യു-ജനറൽ ഹോസ്പിറ്റൽ റോഡ്, തിരുവനന്തപുരം -01 എന്ന വിലാസത്തിലാണ് അയക്കേണ്ടത്.

a. പെൻഡ്രൈവിലോ, ഹാർഡ് ഡിസ്കിലോ, പകർത്തിയ പരിപാടിയുടെ ഫയലുകൾ.

b. പരിപാടിയുടെ ഒരു വാചകത്തിലുള്ള സംക്ഷിപ്തം-7 കോപ്പി.
ടെലിഫിലിം, പരമ്പര വിഭാഗങ്ങളിൽ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന അഭിനേതാക്കളുടെ പേരും മുഴുവൻ വിലാസവും ഫോൺ നമ്പറും അടങ്ങിയ പട്ടിക -7 കോപ്പി.

c. പരിപാടി സംപ്രേഷണം ചെയ്ത ദിവസവും സമയവും വ്യക്തമാക്കിക്കൊണ്ട് അതാത് ചാനലുകൾ നൽകുന്ന അസ്സൽ ടെലികാസ്റ്റ് സർട്ടിഫിക്കറ്റ്, റേറ്റിംഗ് സർട്ടിഫിക്കറ്റുണ്ടെങ്കിൽ അത്, നിർമ്മാതാവ്, സംവിധായകൻ, അഭിനേതാക്കൾ, സാങ്കേതിക വിദഗ്ധർ എന്നിവരെ കുറിച്ചുള്ള വിവരങ്ങൾ - 7 കോപ്പി.

4. ഒന്നിലധികം വിഭാഗങ്ങളിലേക്ക് പരിപാടി പരിഗണിക്കണമെന്നുള്ളവർ അപേക്ഷയിൽ അക്കാര്യം വ്യക്തമാക്കണം. കഥ, കഥേതര വിഭാഗങ്ങൾക്കകത്ത് വിവിധ അവാർഡുകൾക്ക് പ്രത്യേകം കോപ്പികൾ സമർപ്പിക്കേണ്ടതില്ല.

5. രചനാവിഭാഗം അവാർഡുകൾക്ക് എഴുത്തുകാരനോ പ്രസാധകനോ അപേക്ഷ നൽകാം. അവാർഡ് നൽകുന്നത് എഴുത്തുകാരനായിരിക്കും.

6. രചനാവിഭാഗം അവാർഡുകൾക്ക് അപേക്ഷിക്കുന്ന എഴുത്തുകാരനോ പ്രസാധകനോ താഴെ പറയുന്നവ ഒപ്പം വെക്കണം.
(a) പുസ്തകത്തിന്റെ/ലേഖനത്തിന്റെ അഞ്ച് പകർപ്പുകൾ
(b) എഴുത്തുകാരന്റെ ലഘു ജീവചരിത്രവും രണ്ട് ഫോട്ടോകളും

7. സമർപ്പിക്കുന്ന സാധനങ്ങൾ ഭദ്രമായി സൂക്ഷിക്കാനുള്ള എല്ലാ നടപടികളും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്വീകരിക്കുമെങ്കിലും ഏതെങ്കിലും സാഹചര്യത്തിൽ അവക്ക് എന്തെങ്കിലും കേടുപാടുകൾ വന്നാൽ ഉത്തരവാദിത്തം അക്കാദമിക്കുണ്ടായിരിക്കുകയില്ല.

8. രണ്ടിൽ കൂടുതൽ അപേക്ഷകളില്ലാത്ത വിഭാഗങ്ങളിൽ അവാർഡ് നൽകുന്നതല്ല. കുട്ടികൾക്കായുള്ള പരിപാടികൾക്ക് ഈ നിബന്ധന ബാധകമല്ല. കുട്ടികൾക്കുള്ള പരിപാടികളിൽ ഒരു അപേക്ഷയേ ഉള്ളുവെങ്കിലും അതിന്റെ മികവ് പരിഗണിച്ച് അവാർഡ് നൽകുന്നതാണ്.

9. The committees shall have the discretion of not recommending the grant of any particular award.

10. Canvassing in any form shall make the entry invalid and disqualify it for awards.

V. The awards shall be presented to the winners at a function which shall be held at such place and on such date as the State Government may decide. In case of inability to attend the function the awards shall be collected from the Secretary, Kerala State Chalachitra Academy on any working day within one month after the date of the function.

VI. The Government shall reserve the right to retain and screen the award winning programmes with or without tickets in connection with functions organised by Kerala State Chalachitra Academy for the Government of Kerala.

**VII. Only those names entered in the entry form will be considered for the award. A person who has made an entry to any category of Kerala State Televison Awards shall be abide by all the Regulations for Kerala State Awards for Malayalam Television programmes and writings on Television 2024 and he should not question the decision of the Jury. The applicant has to submit a signed affidavit duly notorized to this effect in Rs.200/- stamp paper. In case of violation, his/her or the firm's entry will not be considered for Kerala State Television Award.**

VIII. If any awardee declines the Award, after the declaration of awards, that person/firm will not be considered for any future award organised by the Kerala State Chalachitra Academy

9. ഏതെങ്കിലും വിഭാഗങ്ങളിൽ അവാർഡ് നൽകേണ്ടതില്ലെന്ന ശുപാർശ നൽകാനും സമിതികൾക്ക് അധികാരമുണ്ടായിരിക്കും.

10. ഏതെങ്കിലും തരത്തിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നവരുടെ അപേക്ഷകൾ അസാധുവായി പരിഗണിക്കുകയും ഇവരെ അയോഗ്യരാക്കുകയും ചെയ്യും.

V. സർക്കാർ തീരുമാനിക്കുന്ന സ്ഥലത്ത് സർക്കാർ നിശ്ചയിക്കുന്ന ദിവസം നടത്തുന്ന ചടങ്ങിലായിരിക്കും അവാർഡ് സമർപ്പണം. അന്നേ ദിവസം വരാൻ കഴിയാത്ത വിജയികൾക്ക് ഒരു മാസത്തിനകം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ ഓഫീസിൽ നിന്ന് ഏത് പ്രവൃത്തി ദിവസവും അവാർഡ് സ്വീകരിക്കാവുന്നതാണ്.

VI. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തുന്ന ചടങ്ങുകളിൽ അവാർഡിനർഹമാകുന്ന പരിപാടികളുടെ പ്രദർശനം ടിക്കറ്റ് വച്ചോ അല്ലാതേയോ നടത്താനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കും.

**VII. എൻട്രി ഫോമിൽ രേഖപ്പെടുത്തിയ പേരുകൾ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ. കേരള സംസ്ഥാന ടെലിവിഷൻ അവാർഡുകൾക്ക് അപേക്ഷ സമർപ്പിക്കുന്ന ഏതൊരാളും ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വ്യവസ്ഥകളും അംഗീകരിക്കേണ്ടതും പാലിക്കേണ്ടതും അതിന് വിധേയനായിരിക്കേണ്ടതുമാണ്. പുരസ്കാരത്തിനായി അപേക്ഷിക്കുന്ന വ്യക്തി/സ്ഥാപനം ഈ ചട്ടങ്ങളെ അംഗീകരിച്ചതായും വിധിനിർണ്ണയ സമിതിയുടെ തീരുമാനങ്ങളെ ചോദ്യം ചെയ്യുകയില്ലെന്നും നോട്ടറി മുൻപാകെ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം 200/- രൂപ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഇക്കാര്യം ലംഘിക്കുകയാണെങ്കിൽ പ്രസ്തുത വ്യക്തിയുടെ/സ്ഥാപനത്തിന്റെ സൃഷ്ടികൾ കേരള സംസ്ഥാന ടെലിവിഷൻ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല.**

VIII. പുരസ്കാര പ്രഖ്യാപനത്തിന് ശേഷം ഒരു പുരസ്കാര ജേതാവ് പുരസ്കാരം നിരസിക്കുന്ന സാഹചര്യം ഉണ്ടായാൽ ആ വ്യക്തിയെ/സ്ഥാപനത്തെ പിന്നീട് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല.

## In the fiction category the following awards shall be given

## കഥാവിഭാഗത്തിൽ നൽകുന്ന അവാർഡുകൾ

1. Award for the Best Tele Serial : A cash award of ₹25,000/-, a Replica and a Certificate to the Producer. A cash award of ₹25,000/-, a Replica and a Certificate to the Director. A cash award of ₹15,000/- a Replica and a Certificate to the Script Writer.

   മികച്ച ടെലി സീരിയൽ : നിർമ്മാതാവിന് 25,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 25,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. തിരക്കഥാകൃത്തിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

2. Award for the Second Best Tele Serial : A cash award of ₹15,000/-, a Replica and a Certificate to the Producer. A cash award of ₹15,000/-, a Replica and a Certificate to the Director.

   മികച്ച രണ്ടാമത്തെ ടെലി സീരിയൽ : നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

| | | |
|---|---|---|
| 3. Award for the Best Tele Film (below 20 min) | : | A cash award of ₹15,000/-, a Replica and a Certificate to the Producer. A cash award of ₹15,000/-, a Replica and a Certificate to the Director. A cash award of ₹10,000/- a Replica and a Certificate to the Script Writer. |
| മികച്ച ടെലി ഫിലിം (ഹ്രസ്വം)<br>(20 മിനിറ്റിന് താഴെ) | : | നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. തിരക്കഥാകൃത്തിന് 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 4. Award for the Best Tele Film (above 20 minutes) | : | A cash award of ₹20,000/-, a Replica and a Certificate to the Producer. A cash award of ₹20,000/-, a Replica and a Certificate to the Director. A cash award of ₹15,000/-, a Replica and a Certificate to the Script Writer. |
| മികച്ച ടെലി ഫിലിം (ദീർഘം)<br>(20 മിനിറ്റിന് മുകളിൽ) | : | നിർമ്മാതാവിന് 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. തിരക്കഥാകൃത്തിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 5. Award for the Best Story Writer of Tele Serial/Tele Film | : | A cash award of ₹10,000/-, a Replica and a Certificate. |
| മികച്ച കഥാകൃത്ത് | : | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 6. Award for the Best TV Show (Entertainment) | : | A cash award of ₹20,000/-, a Replica and a Certificate to the Producer. |
| മികച്ച വിനോദ പരിപാടി | : | 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും നിർമ്മാതവിന്. |
| 7. Best Comedy Programme | : | A cash award of ₹15,000/-, a Replica and a Certificate to the Producer. A cash award of ₹10,000/-, a Replica and a Certificate to the Director. |
| മികച്ച ഹാസ്യ പരിപാടി | : | നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 8. Best Comedian | : | A cash award of ₹10,000/-, a Replica and a Certificate. |
| മികച്ച ഹാസ്യാഭിനേതാവ് | | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 9. Award for the Best Dubbing Artist | : | A cash award of ₹10,000/-, a Replica and a Certificate to the male dubbing artist. A cash award of ₹10,000/-, a Replica and a Certificate to the female dubbing artist. |
| മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ് | : | ഡബ്ബിംഗ് ആർട്ടിസ്റ്റ് (ആൺ) 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. ഡബ്ബിംഗ് ആർട്ടിസ്റ്റ് (പെൺ) 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 10. Award for the Best Children's Short Film | : | A cash award of ₹20,000/-, a Replica and a Certificate to the Producer. A cash award of ₹20,000/-, a Replica and a Certificate to the Director. A cash award of ₹15,000, a Replica and a Certificate to the Script Writer. |
| കുട്ടികൾക്കായുള്ള മികച്ച ഹ്രസ്വചിത്രം | : | നിർമ്മാതാവിന് 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. തിരക്കഥാകൃത്തിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 11. Award for the Best Director of the Tele Serial/Tele Film | : | A cash award of ₹20,000/-, a Replica and a Certificate. |
| മികച്ച സംവിധായകൻ (ടെലിഫിലിം/ടെലിസീരിയൽ) | : | 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 12. Award for the Best Actor of the Tele Serial/Tele Film | : | A cash award of ₹15,000/-, a Replica and a Certificate. |
| മികച്ച നടൻ (ടെലിഫിലിം/ടെലിസീരിയൽ) | : | 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |

13. Award for the Second Best Actor of Tele Serial/Tele Film : A cash award of ₹10,000/-, a Replica and a Certificate.

മികച്ച രണ്ടാമത്തെ നടൻ : 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

14. Award for the Best Actress of Tele Serial/Tele Film : A cash award of ₹15,000/-, a Replica and a Certificate.

മികച്ച നടി : 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

15. Award for the Second Best Actress of Tele Serial/Tele Film : A cash award of ₹10,000/-, a Replica and a Certificate.

മികച്ച രണ്ടാമത്തെ നടി : 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

16. Award for the Best Child Artist of the year of Tele Serial/Tele film (Selected from individual performers in Tele Serial/Tele Film). : A cash award of ₹10,000/-, a Replica and a Certificate.

മികച്ച ബാലതാരം : 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

17. Award for the Best Cameraperson of Tele Serial/Tele Film : A cash award of ₹15,000/-, a Replica and a Certificate.

മികച്ച ഛായാഗ്രാഹകൻ : 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

18. Award for the Best Editor of Tele Serial/Tele Film : A cash award of ₹15,000/-, a Replica and a Certificate.

മികച്ച ദൃശ്യസംയോജകൻ : 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

19. Award for the Best Music Director of Tele Serial/Tele Film : A cash award of ₹15,000/-, a Replica and a Certificate.

മികച്ച സംഗീത സംവിധായകൻ ; 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

20. Award for the Best Sound Recordist of Tele Serial/Tele Film: A cash award of ₹15,000/-, a Replica and a Certificate.
15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

മികച്ച ശബ്ദലേഖകൻ

21. Award for the Best Art Director of Tele Serial/Tele Film : A cash award of ₹15,000/-, a Replica and a Certificate.

മികച്ച കലാസംവിധായകൻ : 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

## In the Non Fiction Category, the following awards shall be given

## കഥേതര വിഭാഗത്തിൽ നൽകുന്ന അവാർഡുകൾ

1. Award for the Best Documentary (General) : A cash award of ₹20,000/-, a Replica and a Certificate to the producer. A cash award of ₹15,000/-, a Replica and a Certificate to the Director.

   മികച്ച ഡോക്യുമെന്ററി (പൊതുവിഭാഗം) : നിർമ്മാതാവിന് 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

2. Award for the Best Documentary on Science & Environment: A cash award of ₹15,000/-, a Replica and a Certificate to the producer. A cash award of ₹10,000/-, a Replica and a Certificate to the Director.

   മികച്ച ശാസ്ത്ര, പരിസ്ഥിതി ഡോക്യുമെന്ററി : നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

3. Award for the Best Documentary on Biography : A cash award of ₹15,000/-, a Replica and a Certificate to the Producer. A cash award of ₹10,000/-, a Replica and a Certificate to the Director.

   മികച്ച ജീവ ചരിത്ര ചിത്രം (ഡോക്യുമെന്ററി) : നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും.

| | | |
|---|---|---|
| 4. | Award for the Best Documentary on Women/ Children. | A cash award of ₹15,000/-, a Replica and a Certificate to the Producer. A cash award of ₹10,000/-, a Replica and a Certificate to the Director. |
| | സ്ത്രീകളെയും കുട്ടികളെയും കുറിച്ചുള്ള മികച്ച ഡോക്യുമെന്ററി | നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 5. | Best Educational Programme | A cash award of ₹15,000/-, a Replica and a Certificate to the Producer. A cash award of ₹10,000/-, a Replica and a Certificate to the Director. |
| | മികച്ച വിദ്യാഭ്യാസ പരിപാടി | നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 6. | Best Anchor for Educational Programme | A cash award of ₹10,000/-, a Replica and a Certificate. |
| | മികച്ച വിദ്യാഭ്യാസ പരിപാടിയുടെ ആങ്കർ | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 7. | Award for the Best Director in Documentary | A cash award of ₹15,000/-, a Replica and a Certificate. |
| | മികച്ച ഡോക്യുമെന്ററി സംവിധായകൻ | 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 8. | Best News Camera Person | A cash award of ₹10,000/-, a Replica and a Certificate. |
| | മികച്ച വാർത്താ ഛായാഗ്രാഹകൻ | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 9. | Award for the Best Presenter of News. (will be selected from individual News Presenters) | A cash award of ₹15,000/-, a Replica and a Certificate. |
| | മികച്ച വാർത്താവതാരകൻ | 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 10. | Award for the Best Compere/Anchor (will be selected from individual comperes in all subjects except news). | A cash award of ₹10,000/-, a Replica and a Certificate. |
| | മികച്ച വാർത്തേതര പരിപാടികളുടെ ആങ്കർ | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 11. | Award for the Best commentator (Out of Vision) | A cash award of ₹10,000/-, a Replica and a Certificate. |
| | മികച്ച വിവരണം | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 12 | Award for the Best Current Affairs Anchor/Interviewer | A cash award of ₹10,000/-, a Replica and a Certificate. |
| | മികച്ച അഭിമുഖകാരൻ | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 13. | Award for the Best Investigative Journalist | A cash award of ₹10,000/-, a Replica and a Certificate. |
| | മികച്ച അന്വേഷണാത്മക മാധ്യമ പ്രവർത്തകൻ | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 14. | Best Award for TV show(Current Affairs) | A cash award of ₹20,000/-, a Replica and a Certificate. |
| | മികച്ച സമകാലിക പരിപാടി | 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| 15. | Award for the Best Programme for Children | A cash award of ₹15,000/-, a Replica and a Certificate Producer. A cash award of ₹15,000/-, a Replica and a Certificate to the Director. |
| | കുട്ടികൾക്കുള്ള മികച്ച പരിപാടി | നിർമ്മാതാവിന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 15,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |

## In the Writing in Malayalam on Television Category the following awards shall be given

## രചനാവിഭാഗത്തിൽ നൽകുന്ന അവാർഡുകൾ

| | | |
|---|---|---|
| 1 | Book in Malayalam on TV | A cash award of ₹10,000/-, a Replica and a Certificate to the Author. |
| | ടെലിവിഷനെക്കുറിച്ചുള്ള മികച്ച മലയാള പുസ്തകം | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും രചയിതാവിന് |
| 2. | Article in Malayalam on TV | A cash award of ₹10,000/-, a Replica and a Certificate to the author. |
| | ടെലിവിഷനെക്കുറിച്ചുള്ള മികച്ച മലയാള ലേഖനം | 10,000/- രൂപയും ശില്പവും പ്രശസ്തി പത്രവും രചയിതാവിന്. |

Sd/-
**Secretary**

## CHECK LIST FOR FICTION AND NON FICTION CATEGORIES

- [ ] Signed Entry Form **(Original and 6 Copies)**
- [ ] Telecast Certificates/Censor Certificate **(Original and 6 Copies)**
- [ ] Synopsis **(7 Copies)**
- [ ] Affidavit (Notary Attested) **(Original)**
- [ ] Pendrive/Hard Disk
- [ ] Photo of Director/Producer/Artiste/Technician
- [ ] Stills from the Programme
- [ ] UPI Trasfer Receipt (UTR Number) (Entry Fee) *

* For Bank Transfer :
NAME: Kerala State Chalachitra Academy
ACCOUNT NO :37112984438
IFSC : SBIN0070445,
BRANCH: KAZHAKUTTAM
Transaction Details അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

MERCHANT NAME: KERALA STATE CHALACHITRA ACAD
UPI ID: KSCADEMY@SBI

**SCAN & PAY**

## CHECK LIST FOR WRITING

- [ ] Signed Entry Form **(Original and 4 Copies)**
- [ ] Affidavit (Notary Attested) **(Original)**
- [ ] Article **(Original and 4 Copies)**
- [ ] Book **(5 Copies)**

**Kerala State Chalachitra Academy**
Sathyan Memorial Building, Kinfra Film & Video Park, Chanthavila,
Sainik School.P.O., Kazhakkuttom,
Thiruvananthapuram - 695 585, Kerala, India
Phone: + 91 471 2754422, City Office No. +91 471 2304030
e-mail: office@chalachitraacademy.org website: www.keralafilm.com